94/est/18

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം: ഡിബി3-753/2012/സി.ഇ/തസ്വഭവ

തീയതി: 19/03/2018

# അറിയിപ്പ്

വിഷയം:- തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയർമാരുടെ ഔദ്യോഗിക ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നതിനും, എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും, ജില്ലാപഞ്ചായത്തുകൾക്കും, ബ്ലോക്ക്പഞ്ചായത്തുകൾക്കും വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായത് - സംബന്ധിച്ച് -

സൂചന:- 1) 14.03.2018-ലെ സ.ഉ(സാധാ) നം. 690/18/തസ്വഭവ നമ്പർ ഉത്തരവ്
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.03.2017-ലെ 2.9 നമ്പർ തീരുമാനം.

പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തികളുടെ സൂപ്പർവിഷൻ, കെട്ടിടനിർമ്മാണ അപേക്ഷയിൻമേലുള്ള സ്ഥലപരിശോധന, മീറ്റിംഗുകളിൽ പങ്കെടുക്കുക എന്നിങ്ങനെയുള്ള വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് എഞ്ചിനീയർമാർക്ക് ഒരു വാഹനം അനിവാര്യമാണ്. 14.03.2018-ലെ സൂചന (1) ഉത്തരവ് പ്രകാരം എഞ്ചിനീയർമാർക്ക് വാഹനം ലഭ്യമാക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എല്ലാ എഞ്ചിനീയർമാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുമായി കൂടിയാലോചിച്ച് ആയതിനുള്ള തുക 2018-19 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കുവാനാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. ആയതിനാൽ എല്ലാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരും മുൻകയ്യെടുത്ത് വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് വയ്ക്കേണ്ടതാണ്. ഒരു മാസം ഉപയോഗിക്കേണ്ടിവരുന്ന Minimum & Maximum Kilometer, വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ ശമ്പളം, വാഹനത്തിന് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ എന്നിവ കണക്കാക്കി ഒരു മാസത്തേക്ക് ആവശ്യമുള്ള ശരാശരി വാഹനവാടക കണക്കാക്കേണ്ടതും, ആയത് ഒരു വർഷത്തേക്കുള്ള തുകയായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രോജക്ടായി വയ്ക്കേണ്ടതാണ്.

സർക്കാരിന്റെ സൂചന (2) ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രകാരം ബ്ലോക്ക്, ജില്ല, നഗരസഭകളുടെ എഞ്ചിനീയർമാരും വാഹനത്തിന്റെ ആവശ്യകത തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ബോധ്യപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ പ്രോജക്ട് വയ്ക്കേണ്ടതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതിനോടകം തന്നെ സംസ്ഥാനത്തെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എഞ്ചിനീയർമാർക്ക് വാഹനം ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും നേതൃത്വപരമായ ആയ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇങ്ങനെ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഈ ആഫീസിനെ അറിയിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 351

17-3-18

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൻജിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിനും എൻജിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും, ജില്ലാപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും വാഹനം വാങ്ങുന്നതിനും അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.690/18/തസ്വഭവ തിരുവനന്തപുരം, തീയതി, 14.03.2018

വായന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/03/17 ലെ 2.9 നമ്പർ തീരുമാനം

## ഉത്തരവ്

ഗ്രാമപഞ്ചായത്തുകളിൽ എൻജിനീയർമാരുടെ ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിനും എൻജിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും, ജില്ലാപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും വാഹനം വാങ്ങുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി വായന (1)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻജിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിനും എൻജിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും, ജില്ലാപഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ. വിശ്രുതൻ ആചാരി**

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, എല്ലാ ജില്ലാപഞ്ചായത്തുകളും
സെക്രട്ടറി, എല്ലാ ഗ്രാമപഞ്ചായത്തുകളും(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
സെക്രട്ടറി, എല്ലാ നഗരസഭകളും(നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
സെക്രട്ടറി, എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും(ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ